**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1018** **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി സുരക്ഷയ്ക്കായുള്ള ആധുനിക സാങ്കേതികവിദ്യ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കടലിൽ അപകടത്തിൽപെടുന്ന മത്സ്യത്തൊഴിലാളികളെ ഉടനടി കണ്ടെത്താൻ നാവിക്, സാറ്റലൈറ്റ് ടാങ്കുകൾ, വാക്കി ടോക്കികൾ എന്നിവ എല്ലാ പരമ്പരാഗത വള്ളങ്ങൾക്കുമുൾപ്പടെ വിതരണം ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**മറുപടി:** ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.93 കോടി രൂപ അനുവദിച്ചിരുന്നു. 2500 നാവിക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെൽട്രോണിന് സപ്ലൈ ഓർഡർ നൽകുകയും 1550 ഉപകരണങ്ങൾ കെൽട്രോൺ ലഭ്യമാക്കുകയും ചെയ്തു. ഇതിനായി ആകെ 2.295 കോടി രൂപ ചെലവഴിച്ചു. 941 ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ISRO യുടെ സാങ്കേതിക വിദ്യയിൽ കെൽട്രോൺ നിർമ്മിച്ച് നൽകിയ നാവിക് ഉപകരണത്തിന് two way communication ലഭ്യമാക്കാത്തതിനാൽ തുടർന്ന് ഇവ വാങ്ങുന്നതിന് മത്സ്യത്തൊഴിലാളികൾ വിമുഖത കാണിച്ചിരുന്നു. ആയതിനാൽ ഇവ ഇപ്പോൾ വിതരണം ചെയ്യുന്നില്ല.

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചിരുന്നു. ബി.എസ്.എൻ.എൽ.-മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചിരുന്നു. 2.25 കോടി രൂപ ചെലവഴിച്ച് 240 സാറ്റലൈറ്റ് ഫോണുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ജില്ലാ ഓഫീസർമാർക്ക് നൽകിയിരുന്നു. 93901/- രൂപ വിലയുള്ള ഈ ഉപകരണം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്ന് 1000 രൂപയും യന്ത്രവത്കൃത യാനങ്ങളുടെ ഉടമകളിൽ നിന്നും സാറ്റലൈറ്റ് ഫോണിന്റെ 50 ശതമാനം തുകയും ഗുണഭോക്തൃ വിഹിതം വാങ്ങിക്കൊണ്ടാണ് സാറ്റലൈറ്റ് ഫോൺ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്നത്. രണ്ടാമത്തെ വർഷം മുതൽ റീ ചാർജ്ജിംഗ് ഗുണഭോക്താക്കൾ തന്നെ വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരുന്നെങ്കിലും ആയതിന് മിക്ക ഗുണഭോക്താക്കളും തയ്യാറായില്ല. ആയതിനാൽ തന്നെ റീ ചർജ്ജിംഗ് കൃത്യമായി നടന്നിരുന്നില്ല. സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം രണ്ടാം വർഷം മുതൽ സ്പെക്ട്രം ചാർജ്ജ് ഒഴിവാക്കിയിരുന്നുവെങ്കിലും ആനുവൽ റീചാർജ്ജ് തുക 12981/- രൂപയിൽ നിന്നും 38941/- രൂപയിലേയ്ക്ക് ഉയർത്തിയിരുന്നു.

സുരക്ഷാ കാരണങ്ങളാൽ സാറ്റലൈറ്റ് ഫോണുകളുടെ വിതരണം കർശനമായി നിയന്ത്രിക്കുന്നതിനും അവയുടെ ഉപയോഗം ഉറപ്പ് വരുത്തുന്നതിനും 2021 ഫെബ്രുവരി മാസം ഇന്ത്യൻ കോസ്റ്റ് ഗാർഡ് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ സാറ്റലൈറ്റ് ഫോൺ സംബന്ധിച്ച് സുരക്ഷാ പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യുകയും തുടർന്ന് കോസ്റ്റൽ സെക്യൂരിറ്റിയുടെ 10-04-2023 തീയതിയിലെ റിവ്യൂ

മിറ്റിംഗിൽ സാറ്റലൈറ്റ് ഫോൺ തിരികെ എടുക്കുന്നതിനും ഇവ വനം വകുപ്പ്, സർവ്വേ വകുപ്പ്, കോസ്റ്റൽ പോലീസ് തുടങ്ങിയ വകുപ്പുകൾക്ക് നൽകുന്നതിന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കാതെ കൈവശം വച്ചിരിക്കുന്ന സാറ്റലൈറ്റ് ഫോണുകൾ ആക്ടിവേറ്റ് ചെയ്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിനും നിർദ്ദേശിച്ചു. ഗുണഭോക്താക്കൾ തിരിച്ചു നൽകുന്ന ഫോണുകൾ പുതുതായി രൂപീകരിച്ച ഫിഷറീസ് സ്റ്റേഷനുകളിലേയ്ക്കും ആഴക്കടൽ ബോട്ട് ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാതെ ജില്ലാ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന 17 സാറ്റലൈറ്റ് ഫോണുകൾ സർക്കാർ നിർദ്ദേശം അനുസരിച്ച് ഇന്ത്യൻ കോസ്റ്റ് ഗാർഡിന് കൈമാറിയിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് വാക്കി ടോക്കികൾ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ വിതരണം ചെയ്യുന്നില്ല.

**(ബി)** കടലിൽ രക്ഷാപ്രവർത്തനം നടത്തുന്ന മറൈൻ എൻഫോഴ്സ്മെന്റിന്റെയും ആർ.ആർ.ടി. ബോട്ടുകളുടേയും ഇന്ധനക്ഷാമവും സാങ്കേതിക തകരാറുകളും മൂലം റെസ്ക്യൂ വൈകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**മറുപടി:** ഈ സാമ്പത്തിക വർഷത്തിൽ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് എന്ന പദ്ധതിയിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനും അനുയോജ്യമായ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നതിനും അവയുടെ ഇന്ധനച്ചെലവിനുമായി കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിന്റെ നടത്തിപ്പിനായി ആകെ 890 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മറൈൻ ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ദുരിത സാഹചര്യങ്ങളിൽ തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി അടിയന്തര ചെലവുകൾ വഹിക്കുന്നതിനുവേണ്ടി കേരളത്തിലെ ഒമ്പത് മറൈൻ ജില്ലകളിലെയും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 50,000/- രൂപ വീതമുള്ള റിവോൾവിംഗ് പെർമനന്റ് അഡ്വാൻസ് (ഇംപ്രസ്റ്റ് ഫണ്ട്) നൽകുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**